# ADARRT PALA

## ഗാന്ധിദർശൻ പരീക്ഷ നിർദ്ദേശങ്ങൾ

**ബഹുമാനപ്പെട്ട പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്**

ഗാന്ധിദർശൻ പരീക്ഷ പല സ്കൂളുകളിൽനിന്നുമുള്ള അഭ്യർത്ഥനയെ തുടർന്ന് നവംബർ 24–ാം തീയതി വെള്ളിയാഴ്ചത്തേക്ക് മാറ്റി വച്ചിരിക്കുന്നു. വൈകുന്നേരം 4 മണി മുതൽ 5 മണി വരെയാണ് പരീക്ഷാസമയം. (സ്കൂളുകൾക്ക് സൗകര്യപ്രദമായ ചെറിയ സമയമാറ്റം വരുത്താവുന്നതാണ്). H.S, U.P വിഭാഗങ്ങൾക്ക് ഒരേ ചോദ്യപേപ്പറാണുള്ളത്. HSS ന് പ്രത്യേകം ചോദ്യമാണ്. പരീക്ഷ നടത്തി അതതു സ്കൂളുകളിൽതന്നെ മൂല്യനിർണ്ണയവും നടത്തി H.S, U.P, HSS വിഭാഗങ്ങളിൽ ഓരോന്നിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 3 കുട്ടികളുടെ വീതം ലിസ്റ്റ് ഡിസംബർ 10 നകം അഡാർട്ടിൽ എത്തിക്കേണ്ടതാണ്. അവർക്കായി 2018 ജനുവരി ആദ്യആഴ്ച (2018 ജനുവരി 5 വെള്ളിയാഴ്ച 1.00 പി.എം) അഡാർട്ടിൽ വച്ച് ക്വിസ് മത്സരം നടത്തുന്നതും നേരത്തെ അറിയിച്ചിരുന്നതുപോലെ ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടി വിജയിക്കുന്നവർക്ക് യഥാക്രമം 2,000, 1,500, 1000 രൂപാ വീതം ക്യാഷ് അവാർഡുകളും 10–ാം സ്ഥാനം വരെ പ്രോത്സാഹനസമ്മാനങ്ങളും നൽകുന്നതുമാണ്. 1, 2,3 സ്ഥാനം നേടുന്ന കുട്ടികളെ അഡാർട്ടിലേയ്ക്ക് മത്സരങ്ങൾക്കായി പറഞ്ഞയയ്ക്കുമല്ലോ. സ്കൂൾ തല പരീക്ഷയിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം അനുസരിച്ച് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് അഡാർട്ടിൽ നിന്ന് ജനുവരി ആദ്യം തന്നെ വാങ്ങാവുന്നതാണ്. പുസ്തകവില നൽകാത്ത സ്കൂളുകൾ എത്രയും വേഗം അത് അഡാർട്ട് ഓഫീസിൽ എത്തിച്ചു സഹകരിക്കുമല്ലോ. ഗാന്ധിദർശൻ സ്കൂൾ തല പരീക്ഷയ്ക്കായുള്ള ചോദ്യപേപ്പറുകളും ഉത്തരസൂചികയും ലഭിക്കാത്ത രജിസ്റ്റർ ചെയ്ത സ്കൂളുകൾ അഡാർട്ട് ഓഫീസുമായി ബന്ധപ്പെടുക. ചോദ്യപേപ്പറിൽതന്നെയാണ് ഉത്തരമെഴുതേണ്ടത്.ഉത്തരസൂചിക പരീക്ഷ കഴിഞ്ഞ് മാത്രം തുറക്കുക

DIRECTOR ADARRT Pala - 686 575 ADARRT, PALA-686575

സ്നേഹപൂർവ്വം ,

Fr. Mathew Puthiyidath

**ഡയറക്ടർ**

**അഡാർട്ട്**

Contact Phone No: 9497008157, 9961161722